ഭരണഭാഷ – മാതൃഭാഷ

ഹാർബർ എൻജിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ പൂർണ്ണ അധിക ചുമതലയുള്ള ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നടപടിക്രമം.

(ഹാജർ : ശ്രീ. ജോമോൻ.കെ ജോർജ്ജ്, ബി.ടെക്)

**ഉത്തരവ് : നമ്പർ ബി2/161/2021/സിഇ തീയതി : 09/06/2021**

വിഷയം :- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് – അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ സ്ഥാനക്കയറ്റം/സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :-
1. 25/03/2021 ലെ 1403-ാം നമ്പർ ഗസറ്റ് വിജ്ഞാപനം.
2. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി എ.ജി സുനന്ദയുടെ 15/10/2020 ലെ അപേക്ഷ.
3. ഈ കാര്യാലയത്തിലെ 29/04/21, 25/05/2021 തീയതികളിലെ ഇതേ നമ്പരായ ഉത്തരവുകൾ

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ-സർട്ടിഫിക്കറ്റ് ക്വാട്ട) തസ്തികയിൽ വിരമിക്കൽ നിമിത്തം രണ്ട് ഒഴിവുകൾ നിലവിലുണ്ട്. ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ-സർട്ടിഫിക്കറ്റ്) മാരുടെ സ്ഥാനക്കയറ്റിനായുള്ള ഡി.പി.സി സെലക്ട് ലിസ്റ്റിൽ ഏറ്റവും സീനിയറായ 2 പേരെ ബൈ-ട്രാൻസ്ഫർ നിയമനം വഴി സ്ഥാനക്കയറ്റം നൽകിയാണ് പ്രസ്തുത ഒഴിവുകൾ നികത്തേണ്ടത്. 2021 വർഷത്തേയ്ക്കുള്ള അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ-സർട്ടിഫിക്കറ്റ്) മാരുടെ സെലക്ട് ലിസ്റ്റ് ഒന്നാം പരാമർശ പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരിൽ (സിവിൽ-സർട്ടിഫിക്കറ്റ്) ഏറ്റവും സീനിയറായ ശ്രീ. എൻ.കെ രാജീവൻ, ശ്രീമതി ആർ. റജീനാ ബിവി എന്നിവർക്കാണ് സ്ഥാനക്കയറ്റത്തിന് അർഹതയുള്ളത്.

ഹാർബർ എഞ്ചിനീയറിംഗ് കാസർഗോഡ് സബ്ഡിവിഷനിലെ പ്രവൃത്തികളുടെ ബാഹുല്യവും സാങ്കേതിക ജീവനക്കാരുടെ അഭാവവും കണക്കിലെടുത്ത് പി.എസ്.സി നിയമന ശിപാർശ നൽകിയിരുന്ന 2 ഉദ്യോഗാർത്ഥികളെ മൂന്നാം പരാമർശത്തിലെ 29/04/21 ലെ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറായി നിയമിച്ചുവെങ്കിലും രണ്ടുപേരും ജോലിയിൽ പ്രവേശിച്ചിട്ടില്ല. ഈ സാഹചര്യം കണക്കിലെടുത്തും 2-ാം പരാമർശത്തിലെ സ്ഥലംമാറ്റ അപേക്ഷ പരിഗണിച്ചും ചുവടെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് ബേപ്പൂർ കൺസ്ട്രക്ഷൻ സബ് ഡിവിഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി എ.ജി സുനന്ദയെ ടിയാളുടെ അപേക്ഷ പരിഗണിച്ച് ഹാർബർ എഞ്ചിനീയറിംഗ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ സ്ഥലംമാറ്റി നിയമിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് കാസർഗോഡ് സബ്ഡിവിഷനിൽ മൂന്നാം പരാമർശത്തിലെ 29/04/21 ലെ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നിയമിതയാവുകയും 25/05/21 ലെ ഉത്തരവ് പ്രകാരം ജോലിയിൽ പ്രവേശിക്കുന്നതിന് സമയ ദൈർഘ്യം അനുവദിക്കുകയും ചെയ്തിട്ടുള്ള ശ്രീമതി. പി.എൻ. നീനുവിനെ ഹാർബർ എഞ്ചിനീയറിംഗ് ബേപ്പൂർ കൺസ്ട്രക്ഷൻ സബ്ഡിവിഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ

ശ്രീമതി. എ.ജി.സുനന്ദയെ സ്ഥലംമാറ്റിയതു വഴിയുള്ള ഒഴിവിൽ പുനർ നിയമനം നൽകി നിയമിക്കുന്നു.

ഒന്നാം പരാമർശ പ്രകാരമുള്ള അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ-സർട്ടിഫിക്കറ്റ്) തസ്തികയിലെ ബൈ ട്രാൻസ്ഫർ നിയമനത്തിനുള്ള സെലക്ട് ലിസ്റ്റിലെ ഒന്നാം സ്ഥാനക്കാരനായ കണ്ണൂർ അഴിക്കൽ സബ് ഡിവിഷനിലെ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാനായ ശ്രീ. എൻ.കെ രാജീവനെ 55200-115300 രൂപ ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് എഞ്ചിനീയർ ആയി ബൈ ട്രാൻസ്ഫർ നിയമനം നൽകി ശ്രീമതി നീനു. പി. എൻ ന് പുനർ നിയമനം നൽകിയത് വഴി ഹാർബർ എഞ്ചിനീയറിംഗ് കാസർഗോഡ് സബ് ഡിവിഷനിൽ ഉണ്ടായ ഒഴിവിൽ നിയമിക്കുന്നു.

ഒന്നാം പരാമർശ പ്രകാരമുള്ള സെലക്ട് ലിസ്റ്റിലെ രണ്ടാം സ്ഥാനക്കാരിയും ഹാർബർ എഞ്ചിനീയറിംഗ് നീണ്ടകര സബ് ഡിവിഷനിലെ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സുമാനുമായ ശ്രീമതി ആർ. റജീനാബീവിയെ 55200-115300 രൂപ ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് എഞ്ചിനീയറായി ബൈ ട്രാൻസ്ഫർ നിയമനം നൽകി ഹാർബർ എഞ്ചിനീയറിംഗ് തോട്ടപ്പള്ളി സബ് ഡിവിഷനിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനം ലഭിച്ച ശ്രീ എൻ.കെ രാജീവൻ, ശ്രീമതി. റജീന ബീവി എന്നിവർ തുടർച്ചയായ 3 വർഷത്തിനുള്ളിൽ 2 വർഷം പ്രൊബേഷനിൽ ആയിരിക്കുന്നതാണ്.

ഒപ്പ്

ചീഫ് എഞ്ചിനീയറുടെ പൂർണ്ണ അധിക
ചുമതലയുള്ള ഡെപ്യൂട്ടി ചീഫ് ഞ്ചിനീയർ

സ്വീകർത്താവ്

1. ശ്രീമതി. എ.ജി. സുനന്ദ
   അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) (മേലധികാരി മുഖേന)
2. ശ്രീമതി. നീനു. പി.എൽ, പനായംകടവത്ത് ഹൗസ്, ഒല്ലൂർ, തൃശ്ശൂർ/
   താഴത്ത് ഹൗസ്, സി.വി.ആർ. എ 16, വൃന്ദാവൻ സ്ട്രീറ്റ്
   ചേറ്റൂർ. പി.ഒ, തൃശ്ശൂർ 680008
3. ശ്രീ. എൻ.കെ. രാജീവൻ, 1-ാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ
   (മേലധികാരി മുഖേന)
4. ശ്രീമതി. ആർ റജീനാ ബീവി, 1-ാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ
   (മേലധികാരി മുഖേന)

പകർപ്പ്:-1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ,
നീണ്ടകര/ബേപ്പൂർ കൺസ്ട്രക്ഷൻ /അഴീക്കൽ/കാസർഗോഡ്
2. എക്സിക്യൂട്ടീവ് എൻജിനീയർ, കൊല്ലം/കോഴിക്കോട്/കണ്ണൂർ/കാസർഗോഡ്
3. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ദക്ഷിണ മേഖല/ഉത്തരമേഖല
4. ചീഫ് എഞ്ചിനീയറുടെ പി.എ ക്ക്
5. വെബ്-സൈറ്റിലേക്ക്

ഉത്തരവിൻപ്രകാരം.

സീനിയർ സൂപ്രണ്ട്

T5/vi